**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **30-09-2025 - ൽ മറുപടിയ്ക്ക്**

**കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 7.5 കോടി രൂപ ചെലവിൽ പണിയുന്ന കോന്നി താലൂക്ക് ആശുപത്രിയിലെ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗമാണ് നിർവഹണ ഏജൻസി. നിലവിൽ 90% പണികളും പൂർത്തീകരിച്ചു. കെട്ടിടത്തിന്റെ പുറംഭാഗത്തെ ഭിത്തിയുടെ പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ ഒ.പി. നവീകരണ പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 93.128 ലക്ഷം രൂപ അനുവദിച്ചിരുന്നു. FIT ഏജൻസി മുഖേന നടത്തിയ ടി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ ലക്ഷ്യ പദ്ധതിക്കായി 2.076 കോടി ഭരണാനുമതി 27/04/2022-ൽ നൽകിയിരുന്നു. KEL എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല. നിലവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഇന്റേണൽ പാർട്ടീഷൻ, ടൈൽ വർക്കുകൾ എന്നിവ പൂർത്തീകരിച്ചു. കൂടാതെ ഓപ്പറേഷൻ തീയറ്ററിന്റെ ഫിനിഷിംഗ് വർക്കുകൾ, വിനൈൽ ഫ്ലോറിംഗ് വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ Eye Operation Theatre പദ്ധതിക്കായി 1 കോടി രൂപയുടെ ഭരണാനുമതി 08/01/2024-ൽ നല്കിയിരുന്നു. KSIE എന്ന ഏജൻസിക്ക് ടെൻഡർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി നിഷ്കർഷിച്ച സ്ഥലത്താണ് നിലവിൽ ആശുപത്രിയുടെ താൽകാലിക ഒ.പി. പ്രവർത്തിച്ചുവരുന്നത്. ഒ.പി. |

| | | | |
|---|---|---|---|
| | | | നവീകരണത്തിനു ശേഷം താൽകാലിക ഒ.പി. ഇവിടെനിന്നും മാറുന്ന മുറയ്ക്ക് Eye Operation Theatre-ന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | കോന്നി മണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളായ മലയാലപ്പുഴ, കൂടൽ, മൈലപ്ര, കൊക്കാത്തോട് എന്നിവയുടെ നിർമ്മാണ പുരോഗതിയും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച 8 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ബി) | കോന്നി മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br><u>എഫ്.എച്ച്.സി. മലയാലപ്പുഴ</u><br><br>പ്രധാന ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നിർവ്വഹണ ഏജൻസി - PWD, ഭരണാനുമതി തുക – 762.8 ലക്ഷം രൂപ<br><br><u>JAK കാഞ്ഞിരപ്പാറ</u><br><br>80% പൂർത്തീകരിച്ചു. നിലവിൽ പ്ലാസ്റ്ററിംഗ് വർക്ക് പുരോഗമിക്കുന്നു. നിർവഹണ ഏജൻസി LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ.<br><br><u>JAK പുതുകുളം</u><br><br>60% പൂർത്തീകരിച്ചു. നിലവിൽ ബ്രിക് വർക്ക് പുരോഗമിക്കുന്നു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ.<br><br><u>JAK വെട്ടൂർ</u><br><br>പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക - 7 ലക്ഷം രൂപ.<br><br><u>എഫ്.എച്ച്.സി. കൂടൽ</u><br><br>പ്രധാന ആശുപത്രി കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയായി. നിലവിൽ ഇലക്ട്രിക്കൽ/ പ്ലംബിംഗ് ജോലികൾ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി – PWD, ഭരണാനുമതി തുക – 662.16 ലക്ഷം രൂപ.<br><br><u>JAK ഇടത്തറ</u><br><br>80% ജോലികൾ പൂർത്തീകരിച്ചു. നിലവിൽ ഇലക്ട്രിക്കൽ/പ്ലംബിംഗ് ജോലികൾ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55.5 ലക്ഷം രൂപ.<br><br><u>JAK കൂടൽ മെയിൻ സെന്റർ</u> |

| | | | |
|---|---|---|---|
| | | | നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക - 7 ലക്ഷം രൂപ. |
| | | | JAK അതിരുംകൽ |
| | | | നിർമ്മാണം പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - KESNIK, ഭരണാനുമതി തുക - 7 ലക്ഷം രൂപ. |
| | | | എഫ്.എച്ച്.സി. മൈലപ്ര |
| | | | പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വയറിംഗ്, പ്ലംബിംഗ് എന്നിവ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി – KSCC, ഭരണാനുമതി തുക - 143 ലക്ഷം രൂപ. |
| | | | JAK മൈലപ്ര |
| | | | നിർമ്മാണം പൂർത്തിയായി. നിർവഹണ ഏജൻസി – HLL, ഭരണാനുമതി തുക - 7 ലക്ഷം രൂപ. |
| | | | JAK മൈലപ്ര മെയിൻ സെന്റർ |
| | | | നിർമ്മാണം പൂർത്തിയായി. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക – 7 ലക്ഷം രൂപ. |
| | | | എഫ്.എച്ച്.സി. കൊക്കാത്തോട് |
| | | | പ്രധാന കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി - WAPCOS, ഭരണാനുമതി തുക – 124.8 ലക്ഷം രൂപ. |
| | | | JAK മുളപ്പെഴുംകൽ |
| | | | നിർമ്മാണം 75% പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ. |
| | | | JAK വയക്കര |
| | | | നിർമ്മാണം 70% പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ. |
| | | | JAK ഐരവൺ |
| | | | നിർമ്മാണം പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - KESNIK, ഭരണാനുമതി തുക – 7 ലക്ഷം രൂപ. |
| | | | JAK അരുവാപാലം |
| | | | നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർവഹണ ഏജൻസി – HLL, ഭരണാനുമതി തുക – 7 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ